നിയോജക മണ്ഡലത്തിന്റെ പ്രതിനിധിയായ മുഖ്യമന്ത്രി സമാധാനയോഗം വിളിച്ചുകൂട്ടി അവിടുത്തെ ക്രമസമാധാനനില നിയന്ത്രണ വിധേയമാക്കാത്തത് എന്തുകൊണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 15 രാഷ്ട്രീയ കൊലപാതകങ്ങളും 268 രാഷ്ട്രീയ സംഘട്ടനങ്ങളും ഉണ്ടായിട്ടുണ്ട്.

(ബി) അത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) കണ്ണൂർ ജില്ലയിൽ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ അൻപതോളം സമാധാന യോഗങ്ങൾ വിളിച്ചുകൂട്ടിയിട്ടുണ്ട്.

(ഡി) ഇടവിട്ടുള്ള രാഷ്ട്രീയ സംഘട്ടനങ്ങൾ മൂലമാണ് ഇവിടെ ഇത്രയും സമാധാനയോഗങ്ങൾ വിളിച്ചുകൂട്ടേണ്ടി വന്നത്.

(ഇ) 6.12.1999-ൽ കണ്ണൂർ ജില്ലാ കളക്ടറേറ്റിൽ വച്ച് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ സമാധാന യോഗം ചേർന്ന് കണ്ണൂരിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

രാഷ്ട്രീയ സംഘട്ടനങ്ങൾ

(49) ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എത്ര സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇവയിൽ രാഷ്ട്രീയ സംഘട്ടനങ്ങളുടെ എണ്ണമെത്ര;

(സി) രാഷ്ട്രീയ സംഘട്ടനങ്ങളിൽ ഒട്ടാകെ എത്ര പ്രതികളുണ്ട്.

(ഡി) അവയിൽ സി.പി.ഐ.(എം) കക്ഷിയിലോ അതിന്റെ പോഷക സംഘടനകളിലോ അവരുടെ അനുഭാവികളിലോപ്പെട്ട എത്ര പേരുണ്ട്.

ഉത്തരം

(എ) 19665 എണ്ണം.

(ബി) 3285 എണ്ണം.

(സി) 30422 പ്രതികൾ.

(ഡി) 13810 പ്രതികൾ.

മദ്യലോബികളുടെ മർദ്ദനം സംബന്ധിച്ച കേസ്സുകൾ

(50) പ്രൊഫസർ എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മദ്യലോബികളുടെ മർദ്ദനത്തിന് വിധേയമായവരുടെ എത്ര കേസ്സുകൾ 1999 നവംബർ 30 വരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കേസ്സുകളിൽ എത്ര കൊലപാതക കേസ്സുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) വ്യാജ ചാരായവും, വ്യാജകള്ളും വില്പന പ്രധാന വ്യവസായ മായി വളർന്നു വന്നിരിക്കുന്ന സാഹചര്യത്തിൽ പോലീസിലെയും എക്സൈ സിലെയും, ഉയർന്ന ഉദ്യോഗസ്ഥരുടെയും മദ്യലോബിയുടെതുമായ ഒരു അധോലോകസംഘം സംസ്ഥാനത്ത് വളർന്നു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 24 കേസ്സുകൾ.

(ബി) രണ്ട്.

(സി)&(ഡി) ബാധകമല്ല.

വ്യാജമദ്യമാഫിയയുടെ അക്രമം

(51) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യമാഫിയയുടെ അക്രമം വർദ്ധിച്ചുവരു ന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയുന്നതിനാ വശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാജമദ്യ പ്രവർത്തനവുമായി ബന്ധപ്പെട്ട എത്ര അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദവിവരം വ്യക്തമാക്കാമോ;

(സി) വ്യാജമദ്യപ്രവർത്തകരുമായുള്ള ഏറ്റുമുട്ടലിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട്;

(ഡി) വ്യാജമദ്യമാഫിയ പ്രവർത്തകരുടെ അക്രമം മൂലമാണോ ഹരി പ്പാട് സ്വദേശി സതീഷ്കുമാർ മരണമടഞ്ഞത്. എങ്കിൽ ആശ്രിതർക്ക് സർക്കാർ ആവശ്യമായ ധനസഹായം നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ധനസഹായം നൽകുന്നതിന് അടിയന്തിര നടപ ടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് സ്റ്റേഷൻ ആക്രമണം

(52) ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പോലീസ് സ്റ്റേഷൻ ആക്രമിച്ച സംഭവം എവിടെയെല്ലാം ഉണ്ടായിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly